**Bishop Stephen Chirappanath**
*Apostolic Visitator*
*for*
*The Syro-Malabar Faithful in Europe*
DOMUS MAR THOMA
Via degli Estensi, 137 – 00164 ROMA, ITALIA

28/11/2020

മിശിഹായിൽ പ്രിയ വൈദികരെ, സന്യസ്തരെ, സഹോദരീസഹോദരന്മാരെ,

ആരാധനാക്രമവത്സരത്തിലെ ഏറ്റവും മനോഹരമായ കാലത്തേക്ക് നാം പ്രവേശിക്കുകയാണല്ലോ! ഒരു പക്ഷേ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മുൻ വർഷങ്ങളിലേതുപോലെ വർണ്ണാഭമായുള്ള ക്രിസ്മസ് ആഘോഷം സാധ്യമാവില്ലെങ്കിലും ക്രിസ്മസിന്റെ ആന്തരിക ചൈതന്യം ഒട്ടും കുറയാതെ ആചരിക്കാൻ നമുക്ക് സാധിക്കും. തിരുപ്പിറവിക്കായുള്ള നമ്മുടെ ആത്മീയ ഒരുക്കത്തെ സഹായിക്കുന്ന ചില ചിന്തകൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ.

**ക്രിസ്തുമസ് കാത്തിരിപ്പിന്റെ തിരുനാളാണ്.** രക്ഷയ്ക്കും വിമോചനത്തിനുംവേണ്ടിയുള്ള മനുഷ്യവംശത്തിന്റെ നീണ്ട കാത്തിരിപ്പിലേക്കാണ് ഇരുപത്തഞ്ച് നോമ്പാചരണത്തിലൂടെ നാം പങ്കുചേരുന്നത്. കാത്തിരിപ്പിന്റെ ദൈവികതയെയും രക്ഷാകര മൂല്യത്തെയും തിരിച്ചറിയാനുള്ള അവസരമാണ് മംഗളവാർത്താക്കാലം. വി. ബൈബിൾ അവതരിപ്പിക്കുന്ന രക്ഷാകരചരിത്രത്തിൽ ദൈവിക വാഗദാനങ്ങളുടെ പൂർത്തീകരണത്തിനായി പ്രത്യാശയോടെ കാത്തിരുന്ന എത്ര മനുഷ്യരെയാണ് നാം കണ്ടുമുട്ടുന്നത്. കാത്തിരിക്കുന്നവരിലേക്ക് കടന്നുവരുന്ന, കാത്തിരിക്കുന്നതിൽ മടുപ്പുതോന്നാത്ത ഒരു ദൈവത്തെയാണ് വി. ഗ്രന്ഥം പരിചയപ്പെടുത്തുന്നത്. കാത്തിരിപ്പിന്റെ ഈ കാലത്തെ എത്ര അർത്ഥ പൂർണ്ണമായാണ് ഒരു പുരുഷായുസ്സ് മുഴുവൻ കുഞ്ഞിനുവേണ്ടി കാത്തിരുന്ന സഖറിയ എന്ന വൃദ്ധ പുരോഹിതന്റെ ജീവിതത്തിലേക്ക് ദൈവം ഇറങ്ങിവന്നതിന്റെ വിവരണത്തോടെ ആരംഭിക്കുന്ന മംഗളവാർത്താക്കാലം അവതരിപ്പിക്കുന്നത്. നാമെല്ലാം ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ കാത്തിരിക്കുന്നവരാണ്. കാത്തിരിപ്പ് ഒരേസമയം ഉദ്വേഗജനകവും ആശങ്കപ്പെടുത്തുന്നതുമായ അനുഭവമാണ്. അപാരമായ ക്ഷമയും ധൈര്യവും ആന്തരിക ബലവും കാത്തിരിപ്പ് ആവശ്യപ്പെടുന്നുണ്ട്. അതുകൊണ്ടാണ് ദൈവത്തിനുവേണ്ടി എക്കാലവും കാത്തിരിക്കുന്ന മനുഷ്യരെ ശക്തിപ്പെടുത്തിക്കൊണ്ട് 27-ാം സങ്കീർത്തനം ഇങ്ങനെ പാടുന്നത്: "കർത്താവിൽ പ്രത്യാശയർപ്പിക്കുവിൻ; ദുർബ്ബലരാകാതെ ധൈര്യമവലംബിക്കുവിൻ, കർത്താവിനായി കാത്തിരിക്കുവിൻ" (സങ്കീ 27:14).

ഈ കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ ജീവിതത്തിന്റെ താളം തിരികെ ലഭിക്കുന്നതിന്, ദൈവം ഇടപെടുന്നതിനും പ്രവൃത്തിക്കുന്നതിനും നാം കാത്തിരിക്കുകയാണ്. നമുക്ക് ദുർബ്ബലരാകാതിരിക്കാം. വിശ്വാസജീവിതത്തിലും സഭാജീവിതത്തിലും സംഭവിക്കുന്ന കുറവുകൾ നമ്മെ ദുർബ്ബലരാക്കാതിരിക്കട്ടെ, നമുക്ക് ചുറ്റും വളരുന്ന അരക്ഷിതാവസ്ഥകളും ഒറ്റപ്പെടലുകളും നമ്മെ ഭയപ്പെടുത്താതിരിക്കട്ടെ. ആത്മീയ ജീവിത



E-mail: apvisitsmfeurope@gmail.com • stephenchirapanath@gmail.com
Tel. 06 83957822 – Mob.: 3663124882.

**Bishop Stephen Chirappanath**
*Apostolic Visitator*
*for*
*The Syro-Malabar Faithful in Europe*
DOMUS MAR THOMA
Via degli Estensi, 137 – 00164 ROMA, ITALIA

ത്തിൽ, ആരാധനാ ജീവിതത്തിൽ, സഭാകൂട്ടായ്മയിൽ അനുഭവിക്കുന്ന നിശ്ചലതയും അകൽച്ചകളും നമ്മെ ഭയപ്പെടുത്താതിരിക്കട്ടെ. ആകസ്മികമായി സംഭവിച്ച പ്രിയപ്പെട്ടവരുടെ മരണമോ, രോഗമോ, തൊഴിൽ നഷ്ടപ്പെടലോ, സാമ്പത്തിക പ്രതിസന്ധികളോ, ജീവിതപ്രശ്നങ്ങളോ ഒട്ടുംതന്നെ നമ്മുടെ കാത്തിരിപ്പിനെ ദുർബ്ബലപ്പെടുത്താതിരിക്കട്ടെ. നാം വിശ്വസിക്കുന്ന ദൈവം കാത്തിരിക്കുന്നവരിലേക്ക് കടന്നുവരുന്നവനാണെന്ന സത്യം മറക്കാതിരിക്കാം.

**ക്രിസ്തുമസ് സന്തോഷത്തിന്റെ തിരുനാളാണ്.** തിരുപ്പിറവിയെ വിളംബരം ചെയ്ത മാലാഖമാർ ഇടയന്മാരോട് പറഞ്ഞത് "വലിയ സന്തോഷത്തിന്റെ സദ്വാർത്ത നിങ്ങളെ അറിയിക്കുന്നു" എന്നായിരുന്നല്ലോ. അന്ധകാരത്തിൽ ജീവന്റെ വെളിച്ചം കണ്ടവരുടെ ആനന്ദമാണ് ക്രിസ്തുവിന്റെ തിരുപ്പിറവിയിൽ നാം അനുഭവിക്കുന്നത്. എന്നാൽ, നാം ഓർക്കേണ്ട ഒരു സത്യമുണ്ട്; ഈ മഹാസന്തോഷത്തിലേയ്ക്ക് നയിച്ച വഴികൾ ഒട്ടും സന്തോഷകരമായിരുന്നില്ല. അപമാനവും ദാരിദ്ര്യവും അലച്ചിലും നിസ്സഹായതയും ജോസഫിനും മേരിക്കും അനുഭവിക്കേണ്ടിവന്ന രാത്രിയിലാണ് ഈ മഹാസന്തോഷം ലോകത്തിന് ലഭിച്ചത്. ചിലരുടെ സഹനങ്ങൾ, നഷ്ടങ്ങൾ, കണ്ണീർ എന്നിവ ലോകത്തിനു മുഴുവൻ ആനന്ദകാരണമായേക്കാം. മറിയത്തിന്റെയും ജോസഫിന്റെയും സങ്കടങ്ങൾ ലോകത്തിന് സന്തോഷിക്കാനുള്ള അവസരം തീർത്തെങ്കിൽ, ലോകത്തിന് രക്ഷകനെ സമ്മാനിച്ചെങ്കിൽ, വ്യക്തിജീവിതത്തിലും കുടുംബത്തിലും നാമനുഭവിക്കുന്ന സഹനങ്ങൾ കുടുംബാംഗങ്ങൾക്ക്, സ്നേഹിതർക്ക് രക്ഷകനെ സമ്മാനിക്കുന്ന സുവർണ്ണാവസരങ്ങളാക്കി മാറ്റാൻ നമുക്ക് കഴിയട്ടെ പ്രവാസികളായ നിങ്ങളോരോരുത്തരുടെയും ത്യാഗങ്ങളും വേദനകളും നിങ്ങളുടെ നാട്ടിലുള്ള പ്രിയപ്പെട്ടവർക്ക് തിരുപ്പിറവിയുടെ ആനന്ദം സമ്മാനിച്ചിട്ടുണ്ട്. അതുകൊണ്ട് നമുക്ക് കൂടെ ജീവിക്കുന്നവർക്ക് തിരുപ്പിറവിയുടെ സന്തോഷം സമ്മാനിക്കുന്നവരാകാം.

**ക്രിസ്തുമസ് പ്രതീക്ഷയുടെ തിരുനാളാണ്.** വി. ജോൺപോൾ രണ്ടാമൻ പാപ്പാ തന്റെ മാതൃരാജ്യമായ കമ്മ്യൂണിസ്റ്റ് പോളണ്ട് മാർപാപ്പയായശേഷം ആദ്യം സന്ദർശിച്ചപ്പോൾ നടത്തിയ ഒരു വിഖ്യാതമായ വാചകമുണ്ട്. "ഞങ്ങൾ നക്ഷത്രത്തെ പിൻചൊല്ലുന്നവരാണ്, പക്ഷെ അത് കമ്മ്യൂണിസ്റ്റുകാരുടെ നക്ഷത്രമല്ല. അത് ബെത്‌ലഹേമിലെ നക്ഷത്രമാണ്." ബെത്‌ലഹേമിലെ നക്ഷത്രത്തെ പിൻചെല്ലുന്നവരാണ് നാം. അനുഗമിക്കാൻ ഒരു നക്ഷത്രമുണ്ടായിരുക്കുക എന്നത് വർത്തമാനകാലത്തിന്റെ അരക്ഷിതാവസ്ഥകളെ അതിജീവിക്കാൻ അനിവാര്യമാണ്. പുൽക്കൂട്ടിലെ ദിവ്യശിശുവിലേക്ക് നയിച്ച ബെത്‌ലഹേമിലെ നക്ഷത്രം ഒരു പ്രതീകമാണ്. മിശിഹായിലേക്ക് ഇന്ന് നമ്മെ നയിക്കുന്ന വി. കൂദാശകളുടെ പ്രതീകം. സഭയുടെ കൗദാശിക ജീവിതത്തെ അടുത്ത് അനുധാവനം ചെയ്യുന്നവരാകാം നമുക്ക്. ഈ ഇരുപത്തഞ്ചു നോമ്പും ക്രിസ്തുമസിനായുള്ള ഒരുക്കവും



E-mail: apvisitsmfeurope@gmail.com • stephenchirapanath@gmail.com
Tel. 06 83957822 – Mob.: 3663124882

**Bishop Stephen Chirappanath**
*Apostolic Visitator*
*for*
*The Syro-Malabar Faithful in Europe*
DOMUS MAR THOMA
Via degli Estensi, 137 – 00164 ROMA, ITALIA

രക്ഷകനെ സ്വന്തമാക്കുന്ന ആത്മീയാനുഭവത്തിലേക്ക് നമ്മെ നയിക്കട്ടെ. ക്രിസ്തുമസിനായുള്ള ഈ കാത്തിരിപ്പിന്റെയും ആത്മീയ ഒരുക്കത്തിന്റെയും അവസരത്തിൽ നമ്മുടെ പാരമ്പര്യങ്ങളും, ശീലങ്ങളും നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിക്കണമെന്നും ക്രിസ്തുമസിന്റെ അടയാളങ്ങളായ പുൽക്കൂടും നക്ഷത്രവിളക്കുകളും എല്ലാ ഭവനങ്ങളിലും ഒരുക്കണമെന്നും ഓർമ്മിപ്പിക്കട്ടെ. ഒപ്പം ക്രിസ്തുമസ് ആഘോഷിക്കുന്നതിന് സാമ്പത്തിക ചുറ്റുപാടുകൾ അനുവദിക്കാത്ത സഹോദരങ്ങൾക്ക് സഹായത്തിന്റെ കരം നീട്ടാനും ശ്രദ്ധിക്കുമല്ലോ. തിരുപ്പിറവിയുടെ എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസിച്ചുകൊണ്ട്,

സ്നേഹാശംസകളോടെ, നിങ്ങളുടെ വത്സലപിതാവ്,

+മാർ സ്റ്റീഫൻ ചിറപ്പണത്ത്

യൂറോപ്പിന്റെ സീറോമലബാർ അപ്പസ്തോലിക് വിസിറ്റേറ്റർ

**കാറോസൂസാ**

സ്നേഹനിധിയായ ഈശോയെ, കോവിഡ് മഹാമാരിമൂലം ക്ലേശമനുഭവിക്കുന്ന എല്ലാവരെയും നിന്റെ തിരുഹൃദയത്തിൽ ഞങ്ങൾ സമർപ്പിക്കുന്നു. രോഗികൾ എത്രയും വേഗം തങ്ങളുടെ ആരോഗ്യം വീണ്ടെടുക്കുന്നതിനും ഈ പകർച്ചവ്യാധിയിൽനിന്നും ഞങ്ങൾ സുരക്ഷിതരായിരിക്കുന്നതിനും അങ്ങു ഞങ്ങളോടു കരുണയായിരിക്കണമേ. കോവിഡ് രോഗത്താൽ മരണമടഞ്ഞവരുടെ ബന്ധുമിത്രാദികളെയും ഈ പകർച്ചവ്യാധിയെ തടയാൻ ആരോഗ്യപരിപാലനരംഗത്ത് പ്രവർത്തിക്കുന്നവരെയും നിന്റെ പരിശുദ്ധാത്മാവിനാൽ ശക്തരാക്കണമെന്നും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

(പരി. കുർബാനയുടെ കാറോസൂസായിൽ ചേർത്തു ചൊല്ലേണ്ടത്)



E-mail: apvisitsmfeurope@gmail.com • stephenchirapanath@gmail.com
Tel. 06 83957822 – Mob.: 3663124882